LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത തസ്തികകളിൽ ഒഴിവുകളുണ്ടോയെന്നും എങ്കിൽ എത്രകാലമായി ഈ അവസ്ഥ തുടരുന്നുവെന്നും തസ്തിക തിരിച്ച് വ്യക്തമാക്കുമോ?

പട്ടിക അനുബന്ധം-1 ആയി ഉള്ളടക്കം ചെയ്യുന്നു.*

(സി) ഇപ്പോൾ ജോലിയിലുള്ളവർ അതത് തസ്തികകളിൽ എത്രകാലമായി തുടരുന്നവരാണെന്ന് വ്യക്തമാക്കുമോ?

പട്ടിക അനുബന്ധം-2 ആയി ഉള്ളടക്കം ചെയ്യുന്നു.*

(ഡി) കാസർഗോഡ് ജില്ലയിൽനിന്നും ഏതെങ്കിലും ഉദ്യോഗസ്ഥർ വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റ് ജില്ലകളിൽ സേവനം ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ഒരു ജൂനിയർ സൂപ്രണ്ട് കണ്ണൂർ ജില്ലയിൽ സേവനം ചെയ്യുന്നു.

(ഇ) ഇതര ജില്ലകളിൽനിന്നുള്ള എത്ര ജീവനക്കാർ കാസർഗോഡ് ജില്ലയിൽ കൃഷിവകുപ്പിൽ ജോലി ചെയ്യുന്നുണ്ടെന്ന് അവരുടെ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

തിരുവനന്തപുരം -5; കൊല്ലം -5; പത്തനംതിട്ട -1; ആലപ്പുഴ -1; കോട്ടയം -2; ഇടുക്കി -1; എറണാകുളം -7; തൃശ്ശൂർ -1; പാലക്കാട് -1; മലപ്പുറം -2; കോഴിക്കോട് -2; കണ്ണൂർ -19.

**കൃഷി ഓഫീസുകളിലെ ഒഴിവുകൾ**

88(1073) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കൃഷി ഓഫീസുകളിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് വിശദമാക്കാമോ?

ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം കൃഷി ഭവനിൽ, കൃഷി ഓഫീസർ/ പി.റ്റി.എസ്./ക്ലാർക്ക് തസ്തികകളിൽ ഒന്നുവീതം ഒഴിവുകളും കുഴൽമന്ദം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ ക്ലാർക്ക് തസ്തികയിൽ ഒരൊഴിവും എരിമയൂർ കൃഷി ഭവനിൽ കൃഷി ഓഫീസർ തസ്തികയിൽ ഒരൊഴിവും നിലവിലുണ്ട്.

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ റാങ്ക് ലിസ്റ്റ് ഇല്ലാത്തതിനാൽ കൃഷി ഓഫീസർ തസ്തികകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ക്ലാർക്ക് തസ്തികയിലുള്ള ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. പി.റ്റി.എസ്. തസ്തികയിലുള്ള ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കൃഷി ഭവനുകളിലെ സ്റ്റാഫ് പാറ്റേൺ**

89(1074) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷി ഭവനുകളിലെ സ്റ്റാഫ് പാറ്റേൺ വിശദമാക്കുമോ?

ഒരു കൃഷി ഭവനിൽ ഒരു കൃഷി ഓഫീസർ (നഗരസഭാ പരിധിയിൽ വരുന്ന കൃഷി ഭവനുകളിൽ കൃഷി ഓഫീസർക്ക് പകരം ഒരു കൃഷി ഫീൽഡ് ഓഫീസർ), അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ കർഷക കുടുംബങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 2 അല്ലെങ്കിൽ 3 കൃഷി അസ്സിസ്റ്റന്റുമാർ, ഒരു പി.റ്റി.എസ്.

(ബി) നഗരസഭ/കോർപ്പറേഷൻ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കൃഷിഭവനുകളിൽ കൃഷി അസിസ്റ്റന്റുമാരുടെ കുറവ് ജോലിഭാരം വർദ്ധിപ്പിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

നഗരസഭ/കോർപ്പറേഷൻ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കൃഷി ഭവനുകളിലെ ജോലിഭാരം പരിശോധിക്കുന്നതാണ്.

(സി) മട്ടുപ്പാവ് കൃഷി, ഹൈടെക്ക് കൃഷി, ഗ്രീൻഹൗസ് കൃഷി, മഴമറ - തരിശ് കൃഷി എന്നിവ വർദ്ധിച്ച സാഹചര്യത്തിൽ പഞ്ചായത്തുകളിലെ കൃഷിഭവനുകളിലെ സ്റ്റാഫ് പാറ്റേൺ നഗരസഭ/കോർപ്പറേഷൻ മേഖലകളിലെ കൃഷിഭവനുകളിലും അനുവദിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

നിലവിൽ പദ്ധതിയില്ല.

**കാസർഗോഡ് ജില്ലയിലെ കൃഷി ഓഫീസർമാരുടെ ഒഴിവുകൾ**

90(1075) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കൃഷി ഓഫീസർമാർ സ്ഥിരമായി ഇല്ലാത്ത എത്ര കൃഷി ഭവനുകളുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly